**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6808** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഗ്രീൻഫീൽഡ് ഹൈവേയുടെ ഭാഗമായി ഏറ്റെടുക്കുന്ന ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഗ്രീൻഫീൽഡ് ഹൈവേ കടന്ന് പോകുന്ന പുനലൂർ മണ്ഡലത്തിലെ തെന്മല ഉൾപ്പെടെയുള്ള വില്ലേജുകളിൽ, ഹൈവേ കടന്നു പോകുന്ന സർവേ നമ്പരിൽ ഉൾപ്പെടുന്ന വസ്തുക്കളുടെ കൈമാറ്റം തടഞ്ഞുകൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരേ സർവേ നമ്പരിൽ വരുന്നതും എന്നാൽ ഹൈവേ പ്രദേശത്ത് ഉൾപ്പെടാത്തതുമായ വസ്തുക്കൾ ആളുകൾക്ക് കൈമാറ്റം ചെയ്യാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കൊല്ലം - ചെങ്കോട്ട ദേശീയപാത വികസനത്തിന്റെ ഭാഗമായി കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 3A വിജ്ഞാപനത്തിൽ ഉൾപ്പെട്ട വില്ലേജുകളിലെ സർവ്വേ നമ്പരുകളിൽപ്പെട്ട വസ്തുക്കളുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് അനുവദനീയമല്ല എന്ന് ചൂണ്ടിക്കാണിച്ച് സ്പെഷ്യൽ തഹസിൽദാർ, എൽ.എ (എൻ.എച്ച്-744), സബ് രജിസ്ട്രാർ ഓഫീസർമാർക്ക് കത്ത് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. NH Act, 1956 പ്രകാരമുള്ള 3A വിജ്ഞാപനത്തിന്മേൽ അപ്രകാരം വിലക്കേർപ്പെടുത്തുന്നത് നിയമപ്രകാരം നിലനിൽക്കുന്നതല്ല. 3D വിജ്ഞാപനത്തിന്മേൽ മാത്രമേ അപ്രകാരം വിലക്ക് നിലനിൽക്കുന്നുള്ളൂ.**<br><br>**ആയതിനാൽ, 20/03/2023-ലെ ബി.1-69/2023-റവ കത്ത് പ്രകാരം സ്പെഷ്യൽ തഹസിൽദാർ, എൽ.എ (എൻ.എച്ച്-744) നൽകിയ നിർദ്ദേശം പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്.** |
| (ബി) | പ്രസ്തുത സാഹചര്യത്തിൽ ഗ്രീൻഫീൽഡ് ഹൈവേയുടെ ഭാഗമായി ഏറ്റെടുക്കുന്ന വസ്തുക്കളുടെ സർവെ നമ്പർ മാത്രം ഉൾപ്പെടുത്തി കൈമാറ്റം തടഞ്ഞുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | **കൊല്ലം - ചെങ്കോട്ട ദേശീയപാത വികസനത്തിന്റെ ഭാഗമായി കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 3A വിജ്ഞാപനത്തിൽ ഉൾപ്പെട്ട വില്ലേജുകളിലെ സർവ്വേ നമ്പരുകളിൽപ്പെട്ട വസ്തുക്കളുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് അനുവദനീയമല്ല എന്ന് ചൂണ്ടിക്കാണിച്ച് സ്പെഷ്യൽ തഹസിൽദാർ, എൽ.എ (എൻ.എച്ച്-744), സബ് രജിസ്ട്രാർ ഓഫീസർമാർക്ക് കത്ത് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. NH Act, 1956 പ്രകാരമുള്ള 3A വിജ്ഞാപനത്തിന്മേൽ അപ്രകാരം വിലക്കേർപ്പെടുത്തുന്നത് നിയമപ്രകാരം നിലനിൽക്കുന്നതല്ല. 3D വിജ്ഞാപനത്തിന്മേൽ മാത്രമേ അപ്രകാരം വിലക്ക് നിലനിൽക്കുന്നുള്ളൂ.** |

| | | | |
|---|---|---|---|
| | | | **ആയതിനാൽ, 20/03/2023-ലെ ബി.1-69/2023-റവ കത്ത് പ്രകാരം സ്പെഷ്യൽ തഹസിൽദാർ, എൽ.എ (എൻ.എച്ച്-744) നൽകിയ നിർദ്ദേശം പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്.** |
| (സി) | പ്രസ്തുത ഗ്രീൻഫീൽഡ് ഹൈവേയിൽ നിന്നും 30 കിലോമീറ്റർ അകലെയുള്ള ആര്യങ്കാവ് പഞ്ചായത്തിലെ അച്ചൻകോവിലിൽ ഭൂമിയുടെ ക്രയവിക്രയം തടഞ്ഞുകൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ? | (സി) | **കൊല്ലം - ചെങ്കോട്ട ദേശീയപാത വികസനത്തിന്റെ ഭാഗമായി കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 3A വിജ്ഞാപനത്തിൽ ഉൾപ്പെട്ട വില്ലേജുകളിലെ സർവ്വേ നമ്പരുകളിൽപ്പെട്ട വസ്തുക്കളുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് അനുവദനീയമല്ല എന്ന് ചൂണ്ടിക്കാണിച്ച് സ്പെഷ്യൽ തഹസിൽദാർ, എൽ.എ (എൻ.എച്ച്-744), സബ് രജിസ്ട്രാർ ഓഫീസർമാർക്ക് കത്ത് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. NH Act, 1956 പ്രകാരമുള്ള 3A വിജ്ഞാപനത്തിന്മേൽ അപ്രകാരം വിലക്കേർപ്പെടുത്തുന്നത് നിയമപ്രകാരം നിലനിൽക്കുന്നതല്ല. 3D വിജ്ഞാപനത്തിന്മേൽ മാത്രമേ അപ്രകാരം വിലക്ക് നിലനിൽക്കുന്നുള്ളൂ.**<br><br>**ആയതിനാൽ, 20/03/2023-ലെ ബി.1-69/2023-റവ കത്ത് പ്രകാരം സ്പെഷ്യൽ തഹസിൽദാർ, എൽ.എ (എൻ.എച്ച്-744) നൽകിയ നിർദ്ദേശം പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്.** |

സെക്ഷൻ ഓഫീസർ